## വിഹിതം നിർണ്ണയിച്ചതിനെതിരെ അപ്പീൽ നല്കാതെ ഇൻഷുറൻസ് കോടതിയിൽ ഹർജി നല്കാനാവില്ലെന്ന വിധി റദ്ദാക്കി

### മദ്രാസ് ഹൈക്കോടതി

W.P. No. 29704/2019 Dt. 24.10.2019

സൂപ്പർ സ്പിന്നിങ് മിൽസ് ലിമിറ്റഡ്
x
എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ

തൊഴിലുടമയുടെ വ്യവസായ സ്ഥാപനം 2007-ൽ അടച്ചുപൂട്ടി പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ചു. സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമായിരുന്നു. അടച്ചുപൂട്ടൽ നടപടിക്രമം പൂർത്തിയാകുന്നതുവരെയുള്ള വിഹിതം അടയ്ക്കുന്നതിൽ ഫാക്ടറി വീഴ്ചവരുത്തിയില്ല. എന്നാൽ എട്ട് വർഷം കഴിഞ്ഞപ്പോൾ 2011 മുതൽ 2013 വരെയുള്ള കാലയളവിലെ കുടിശികയായി 2,70,250 രൂപ സ്ഥാപനം അടയ്ക്കണമെന്ന് നിർദ്ദേശിച്ച് ഇ.എസ്.ഐ. അധികൃതർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. ഹർജി ഫയലിൽ സ്വീകരിക്കാൻ ഇൻഷുറൻസ് കോടതി വിസമ്മതിച്ചു. ഇൻഷുറൻസ് കോർപ്പറേഷന്റെ കീഴിലുള്ള അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ചതിനു ശേഷം മാത്രമേ ഇൻഷുറൻസ് കോടതിയിൽ ഹർജി നല്കാനാവൂ എന്നാണ് ഇൻഷുറൻസ് കോടതി വ്യക്തമാക്കിയത്. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. വിഹിതം നിർണ്ണയിച്ചത് സംബന്ധിച്ച് തർക്കമുണ്ടായാൽ മൂന്ന് വർഷത്തിനുള്ളിൽ എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി നല്കാൻ സ്ഥാപനത്തിന് അവകാശമുണ്ടെന്നും ഇക്കാര്യം നിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. തർക്കമുണ്ടായാൽ രണ്ട് മാസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാമെന്ന വ്യവസ്ഥ ഐച്ഛികമാണെന്നും നിർബ്ബന്ധിതമല്ലെന്നും ഹർജിക്കാരൻ വാദിച്ചു. തർക്കമുടലെടുത്ത് മൂന്ന് വർഷത്തിനുള്ളിൽ ഹർജി സമർപ്പിക്കാൻ സ്ഥാപനത്തിന് നിയമപ്രകാരം അവകാശമുണ്ടായിരിക്കെ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കണമെന്ന് സ്ഥാപനത്തെ നിർബ്ബന്ധിക്കാൻ എംപ്ലോയീസ് ഇൻഷുറൻസ് കോടതിക്ക് അധികാരമില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. അപ്പീൽ നല്കുകയോ നല്കാതിരിക്കുകയോ ചെയ്യാൻ സ്ഥാപനത്തിന് പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ചില്ലെന്ന കാരണത്താൽ ഹർജി തള്ളിക്കളഞ്ഞ എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും സ്ഥാപനത്തിന്റെ അപേക്ഷ ഫയലിൽ സ്വീകരിച്ച് നിയമാനുസൃതം പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ ഇൻഷുറൻസ് കോടതിക്ക് നിർദ്ദേശം നല്കുകയും ചെയ്തു.